**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4886 | 21.10.2011 -ൽ മറുപടിയ്ക്ക്

വനനശീകരണം തടയുന്നതിന് നടപടി

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. എ. എ. അസീസ് | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| വനനശീകരണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | വന നശീകരണം തടയുന്നതിന് കാടുകളുടെ നിബിഢതയ്ക്ക് ഹാനികരമാകുന്ന പ്രവൃത്തികളൊന്നും ചെയ്യാതിരിക്കുക എന്ന നയമാണ് വനംവകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പ്രകൃത്യാലുള്ള വനങ്ങൾ തീർത്ത് വെട്ടുന്നതും, തിരഞ്ഞ് വെട്ടുന്നതും അപ്പാടെ നിർത്തിവെച്ചിട്ടുണ്ട്. നിബിഢമായ വനങ്ങൾ അപ്രകാരം നിലനിർത്താൻ പുതുതായി വന്യജീവി സങ്കേതങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ കേരളത്തിലെ മഴക്കാടുകളും പ്രാധാന്യമേറിയ വനമേഖലകളും സംരക്ഷിക്കാൻ അഞ്ച് ദേശീയോദ്യാനങ്ങളും 16 വന്യജീവി സങ്കേതങ്ങളുമുണ്ട്. സംരക്ഷിത മേഖലകളുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന് അതിന്റെ വനവിസ്തൃതി മൊത്തം വിസ്തൃതിയുടെ മൂന്നിലൊന്നായി വർദ്ധിപ്പിക്കുക എന്നത് സംസ്ഥാന വനനയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. വനനശീകരണം ഫലപ്രദമായി തടയുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

1. വനാതിർത്തികൾ സർവ്വേ ചെയ്ത് അതിർത്തികളിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ച് സുരക്ഷിതമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.
2. വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ഫോറസ്റ്റ് സ്റ്റേഷനുകൾ

.. ണനയിലുമാണ്.

3. വനങ്ങളേയും, വന്യജീവികളേയും കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വർഷംതോറും നടപ്പിലാക്കി വരുന്നുണ്ട്.
4. വനസംരക്ഷണവും അഗ്നിപ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാൻ പങ്കാളിത്ത വനപരിപാലന പദ്ധതിയും, പങ്കാളിത്ത കാട്ടുതീ നിയന്ത്രണ പദ്ധതിയും ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.
5. വനം കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അന്വേഷണം ഫലപ്രദമാക്കാൻ വനം വകുപ്പിലെ വിജിലൻസ് വിഭാഗത്തിൻ കീഴിൽ ഒരു ഇന്റലിജൻസ് സെൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
6. വനത്തിനുള്ളിലെ കഞ്ചാവ് കൃഷിയും, വ്യാജചാരായ വാറ്റും നിർമ്മാർജ്ജനം ചെയ്യാൻ വനംവകുപ്പ് നേരിട്ടും, പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്നും റെയിഡുകളും മറ്റ് അന്വേഷണങ്ങളും നടത്തിവരുന്നുണ്ട്.
7. ജൈവ വൈവിദ്ധ്യത്തിന്റേയും വന്യജീവികളുടേയും സംരക്ഷണം ഉറപ്പാക്കുന്നതിന് സംരക്ഷിത മേഖലകൾ രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.
8. സംസ്ഥാനത്തെ വനംകയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

മറയൂർ ഡിവിഷനിലെ ചന്ദനമര മോഷണം തടയുന്നതിന് ഡോഗ് സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ